വർഷുമൊക്കെ നീണ്ടുനിൽക്കുന്ന കോഴ്സുകൾ നടത്താൻ കൊച്ചിൻ സർവ്വകലാശാലയുടെ ക്യാമ്പസിൽ അക്കാഡമിക് ട്രെയിനിംഗ് സ്ഥാപനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അവിടെ പുതിയ വിഷയങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ബോട്ടണി പാസ്സായ അധ്യാപകന് ബയോടെക്നോളജിയിൽ ഒരു വർഷത്തെ ട്രെയിനിംഗ് കൊടുത്താൽ തീർച്ചയായും അത് പഠിപ്പിക്കാൻ കഴിയും. ലിറ്ററേച്ചർ പഠിപ്പിക്കുന്ന അദ്ധ്യാപകന് ജേർണലിസം പഠിക്കുവാൻ കൂടുതൽ സമയം വേണ്ടിവരികയില്ല. ഒട്ടേറെ വിഷയങ്ങളിൽ കോഴ്സുകൾ റീ-സ്ട്രക്ച്ചർ ചെയ്യുമ്പോൾ അദ്ധ്യാപകർക്കുതന്നെ പഠിപ്പിക്കാൻ കഴിയത്തക്കനിലയിൽ പരിശീലനം കൊടുക്കുന്ന ഒരു വലിയ സ്ഥാപനം കൊച്ചിയിൽ ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. പ്ളാനിംഗ് ബോർഡിൽ നിന്നുതന്നെ അതിനുള്ള പൈസയെല്ലാം നീക്കിവച്ചിട്ടുണ്ട്. അതുപോലെ റീ-സ്ട്രക്ച്ചർ ചെയ്ത പുതിയ കോഴ്സുകൾ കോളേജുകളിൽ തുടങ്ങുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സാങ്കേതിക വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ലോകപ്രശസ്തമാണ് വിവിധ സംസ്ഥാനങ്ങളിൽ കേന്ദ്രഗവൺമെന്റ് നടത്തിവരുന്ന ഐ.ഐ.റ്റികൾ. ഏറ്റവും കൂടുതൽ സാക്ഷരതയും സാങ്കേതികവിദ്യ അഭ്യസിക്കുന്നതിൽ താല്പര്യവുമുള്ള കേരളത്തിന് ഐ.ഐ.റ്റി. കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഏറ്റവും പ്രസ്റ്റീജിയായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അനുവദിക്കുകയും കോഴിക്കോട്ട് പ്രവർത്തനമാരംഭിക്കുകയും ചെയ്തിരിക്കുന്നു. ഐ.ഐ.റ്റി. ആരംഭിക്കുന്ന കാര്യം തീർച്ചയായും പലവട്ടം നിവേദനം കൊടുത്തിട്ടുണ്ട്. ഇനിയും ഈ ആവശ്യം കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

അലങ്കാര മത്സ്യക്കൃഷി

5 (T*245) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാരമത്സ്യക്കൃഷി വ്യാപകമാക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ ;

(സി) അലങ്കാരമത്സ്യങ്ങൾ കയറ്റി അയക്കുവാൻ പരിപാടി ഉണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്ക് എന്ന് വിശദീകരിക്കുമോ ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) ICAR, കേന്ദ്രമാനവശേഷി വികസന മന്ത്രാലയം എന്നിവയുടെ അംഗീകാരത്തോടുകൂടി യഥാക്രമം 48.50 ലക്ഷം രൂപ, 102.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ടു പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ 102.5 ലക്ഷം രൂപയുടെ പദ്ധതിയിൽ 49 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രമാനവശേഷി വികസന മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കേന്ദ്രമാനവശേഷി വികസന മന്ത്രാലയം അംഗീകരിച്ച പദ്ധതി

1. പദ്ധതി അടങ്കൽ 48 ലക്ഷം രൂപ.
2. ലക്ഷ്യമിട്ടിരിക്കുന്ന ആകെ അലങ്കാരമത്സ്യോൽപ്പാദന യൂണിറ്റുകൾ 200.
3. 4 പേർ ചേർന്നുള്ള സിമന്റു ടാങ്ക് യൂണിറ്റുകൾ 100, യൂണിറ്റൊന്നിന് 22000 രൂപ വീതം.
4. 2 പേർ ചേർന്നു നിലവിലുള്ള കുളങ്ങളിൽ മത്സ്യോൽപ്പാദന യൂണിറ്റ് 100, യൂണിറ്റൊന്നിന് 11000 രൂപ വീതം.

ഐ.സി.എ.ആർ സമർപ്പിച്ച പദ്ധതി

1. പദ്ധതി പ്രദേശം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾ.
2. 2 മത്സ്യതൊഴിലാളി വനിതകൾ ചേർന്നു നടത്തുന്ന ചേറുകുളങ്ങളുടെ യൂണിറ്റുകൾ.
   (എ) യൂണിറ്റുകളുടെ എണ്ണം 175
   (ബി) ഒരു യൂണിറ്റിൽ ചെലവാകുന്ന തുക 16,000 രൂപ
   (സി) ആകെ മൊത്തം 28,00,000 രൂപ
3. 4 മത്സ്യതൊഴിലാളി വനിതകൾ ചേർന്നു നടത്തുന്ന സിമെന്റ് ടാങ്ക് യൂണിറ്റുകൾ.
   (എ) യൂണിറ്റുകളുടെ എണ്ണം 25
   (ബി) ഒരു യൂണിറ്റിന്റെ ചെലവ് 32,000 രൂപ
   (സി) മൊത്തം തുക 8,00,000 രൂപ
4. പദ്ധതി നിർവഹണചെലവ് 7,50,000 രൂപ 5 ലക്ഷം രൂപ ഉപയോഗിച്ച് അലങ്കാര മത്സ്യകൃഷി വികസനത്തിനായി ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് അടുത്തുതന്നെ അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി&ഡി) വേണ്ടത്ര അലങ്കാര മത്സ്യോൽപ്പാദനം ഉണ്ടാകുന്ന മുറയ്ക്ക് ഇതിനെ കുറിച്ച് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly